I ഇ.ബി. XV - കേരള നിയമസഭ/V-4

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 4, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: എ.കെ.ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിലും തുടർന്ന് സംസ്ഥാനത്തുടനീളം കോൺഗ്രസ് ഓഫീസുകളും സ്തൂപങ്ങളും തകർത്ത സംഭവങ്ങളിലും പോലീസ് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം

ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര നീക്കം അപലപനീയമാണ്. വിവിധ അന്താരാഷ്ട്ര ആരോഗ്യ സംരക്ഷണ ഏജൻസികളുമായി സഹകരിച്ച് വിവിധ ഉൽപ്പന്നങ്ങൾ എച്ച്.എൽ.എൽ നിർമ്മിക്കുകയും 85-ലധികം രാജ്യങ്ങളിലേയ്ക്ക് അവ കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. കോവിഡ് കാലത്ത് മരുന്നുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സംഭരണം, വാക്സിൻ വിതരണം എന്നിവയുടെ

നോഡൽ ഏജൻസി എച്ച്.എൽ.എൽ. ആയിരുന്നു. പ്രസ്തുത സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ലേലത്തിൽ പങ്കെടുപ്പിക്കണമെന്ന പൊതുവികാരം പ്രമേയമായി അംഗീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): മികച്ച രീതിയിൽ ലാഭകരമായി പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്. കോവിഡ് കാലത്ത് ഇന്ത്യയിലെ പ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിലും കുറഞ്ഞ വിലയ്ക്ക് മരുന്നും മറ്റുപകരണങ്ങളും ലഭ്യമാക്കുന്നതിലും എച്ച്.എൽ.എൽ. വഹിച്ച പങ്ക് നിസ്തുലമാണ്. ഈ സ്ഥാപനം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം അപലപനീയമാണ്. എച്ച്.എൽ.എൽ. ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലേലത്തിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചെങ്കിലും കേന്ദ്രസർക്കാരിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ സംസ്ഥാന സർക്കാരിനോ സർക്കാർ സ്ഥാപനങ്ങൾക്കോ ലേല നടപടികളിൽ പങ്കെടുക്കാൻ കഴിയൂവെന്ന കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ

നിർദ്ദേശത്തിനെതിരെ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി അയച്ച കത്തിന് മറുപടി ലഭ്യമായിട്ടില്ല. കെ.എസ്.ഐ.ഡി.സി.യെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കണമെന്ന പ്രമേയം അംഗീകരിച്ച് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(2) <u>ഉപരിപഠനത്തിനുപോകുന്നവരുടെ വിദേശപൗരത്വം</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സംസ്ഥാനത്ത് ഉന്നതനിലവാരമുള്ള യൂണിവേഴ്സിറ്റികൾ, ലാബുകൾ എന്നിവയുടെ അഭാവമുള്ളതിനാൽ കേരളത്തിൽനിന്നും ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിൽ പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. വിദേശ രാജ്യങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചുവരുന്നവർക്ക് അവരുടെ റാങ്കിനനുസരിച്ച് മികച്ച തൊഴിലവസരം ലഭിക്കുന്നില്ല. Brain drain തടയുന്നതിനും കേരളത്തിൽതന്നെ കുട്ടികൾക്ക് ഉപരിപഠനം നടത്താനുള്ള സാഹചര്യമൊരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനുമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത് മറികടക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാൻ

കഴിയുന്ന സാഹചര്യമാണ് സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുള്ളത്. എൻ.ഐ.ആർ.എഫ്.-ന്റെ ആദ്യ നൂറ് റാങ്കിനുള്ളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാല് സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതും കേരള സർവ്വകലാശാലയ്ക്ക് NAAC അക്രഡിറ്റേഷനിൽ A++ ലഭിച്ചുവെന്നുള്ളതും അഭിമാനകരമാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ ശാക്തീകരണ കർമ്മ പദ്ധതി ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. കരിക്കുലം ഡെവലപ്മെന്റ്, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് തുടങ്ങിയ മേഖലകൾ പരിഷ്കരിച്ച് നൂതന സംവിധാനങ്ങൾ നടപ്പിലാക്കിവരികയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പശ്ചാത്തല സൗകര്യം, കോഴ്സുകളുടെ ഘടന എന്നിവയിൽ കാലാനുസൃതമായ മാറ്റംവരുത്തി ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റാനും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുംവിധം ലോകോത്തര നിലവാരം നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## III. സബ്മിഷൻ

### (1) വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിനും പ്രവാസി യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ സാമ്പത്തിക-രാഷ്ട്രീയ ബന്ധങ്ങൾ കണ്ടെത്തി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലയിലെ മദ്യ-മയക്കുമരുന്ന്-ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനായി മജിസ്റ്റീരിയൽ നടപടികളും 'കാപ്പ' പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസിയായ അബൂബക്കർ സിദ്ദിഖിനെ കൊലപ്പെടുത്തിയ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും ആറുപേരെ അറസ്റ്റ് ചെയ്ത് തുടരന്വേഷണം നടത്തിവരികയുമാണ്. പൈവളികെയിൽ രണ്ടുപേരെ തട്ടിക്കൊണ്ടുപോയി ദേഹോപദ്രവമേൽപ്പിച്ച ശേഷം ഉപേക്ഷിച്ച സംഭവം കാസർഗോഡ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷിച്ചുവരികയാണ്. ജില്ലയിലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികൾ തുടർന്നും

സ്വീകരിക്കുന്നതാണ്.

(2) മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്ത സംഭവം

ശ്രീ. വി. ജോയി: ശ്രീ. രാഹുൽഗാന്ധി എം.പി.-യുടെ വയനാട്ടിലെ ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനിടെ മഹാത്മാഗാന്ധിയുടെ ചിത്രം വലിച്ചെറിഞ്ഞുവെന്ന വാർത്ത തെറ്റാണെന്ന് മാധ്യമങ്ങളിലൂടെ പുറത്തുവന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ സ്പഷ്ടീകരണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 24-06-2022-ന് വയനാട് എം.പി.-യുടെ കൽപ്പറ്റയിലുള്ള ഓഫീസിലേയ്ക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ നടത്തിയ മാർച്ചിനിടെ ഏതാനം പ്രവർത്തകർ ഓഫീസിലേയ്ക്ക് അതിക്രമിച്ച് കയറി നാശനഷ്ടങ്ങൾ വരുത്തിയതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം വൈകുന്നേരം 4.04-ന് ഡിപ്പാർട്ടുമെന്റ് ഫോട്ടോഗ്രാഫർ പകർത്തിയ ദൃശ്യങ്ങളിൽ മഹാത്മാഗാന്ധിയുടെ ഫോട്ടോ യഥാസ്ഥാനത്തുതന്നെ ഉണ്ടായിരുന്നതായും തുടർന്ന് 4.29-നുള്ള ദൃശ്യങ്ങളിൽ ഫോട്ടോ നിലത്തുവീണുകിടക്കുന്നതായിട്ടുമാണ് മൊഴി നൽകിയിട്ടുള്ളത്. പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്.

(3) സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ്

ശ്രീ. എം. എം. മണി: ഇടുക്കി ജില്ലയിലെ സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് നൽകുന്നതിനായി 5 ലക്ഷം രൂപ അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിരുന്നുവെങ്കിലും വിശദമായ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ആയത് അടിയന്തരമായി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

(4) വിഴിഞ്ഞം തീരദേശ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. എം. വിൻസെന്റ്: തീരദേശ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിലുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തീരദേശഭൂമിയിലെ കടൽ പുറമ്പോക്ക് പതിച്ചുകൊടുക്കാൻ സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ നടപടികളുടെ ഭാഗമായി ഇത്തരം ഭൂമിക്ക്

പ്രത്യേക പ്രാധാന്യം നൽകി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കി അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുന്ന കാര്യം പരിഗണനയിലാണ്.

(5) റാന്നിയിൽ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. പ്രമോദ് നാരായൺ: ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് റാന്നി നിയോജകമണ്ഡലത്തിൽ സങ്കീർണ്ണമായ പട്ടയപ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ അടിയന്തരമായി പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): റാന്നി നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്ന ആവശ്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(6) മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് എത്രയും വേഗം നടപ്പാക്കാനാവശ്യമായ നടപടികളുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രോജക്ടിന് 2018-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായെങ്കിലും പുതിയ ഡിസൈൻ ആവശ്യമായി വന്ന സാഹചര്യത്തിൽ

പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ സാധിച്ചില്ല. 9.33 കോടി രൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന് അനുമതി നൽകി അപ്രോച്ച് റോഡ് ഏറ്റെടുത്ത് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(7) പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയിൽ നിന്നും നിർമ്മിതി കേന്ദ്രത്തെ മാറ്റി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2012-13-ൽ ഏറ്റെടുത്ത പദ്ധതികളിൽ പൂർത്തീകരിക്കാൻ കഴിയാത്തവ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിംഗ് കാര്യക്ഷമമല്ലാത്തതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സംയുക്തമായി അഞ്ഞൂറോളം അക്രെഡിറ്റഡ് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മേൽ നടപടി പൂർത്തിയാകുന്ന

മുറയ്ക്ക് കോർപ്പസ് ഫണ്ട് അടക്കം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകി കാലതാമസമില്ലാതെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

(8) ബദൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: ആദിവാസി/മലയോര/പിന്നാക്ക മേഖലകളിൽ പ്രവർത്തിക്കുന്ന ബദൽ സ്കൂളുകൾ നിർത്തലാക്കാനുള്ള നടപടി പിൻവലിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതിനുശേഷം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം എസ്.എസ്.എ. പദ്ധതിയിലൂടെ ബദൽ സ്കൂളുകൾക്ക് നൽകിവന്ന ധനസഹായം നിർത്തലാക്കിയെങ്കിലും താൽക്കാലികമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തുടരാൻ അനുവദിക്കുകയാണുണ്ടായത്. പൊതുവിദ്യാഭ്യാസ വകുപ്പുതലത്തിൽ സർവ്വേ നടത്തി നാല് ബദൽ സ്കൂളുകൾ നിർത്തലാക്കാൻ സാധിക്കില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർത്തലാക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പുവരുത്തുകയും അതത് പ്രദേശത്തെ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(9) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിന്റെ പ്രവർത്തനം

ശ്രീ. കെ. പി. എ. മജീദ്: കാളംതിരുത്തി എം.ജി.എൽ.സി. പരപ്പനങ്ങാടി ബീച്ച് വിദ്യാലയം നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം പ്രസ്തുത എം.ജി.എൽ.സി. താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്. ഏകാംഗ വിദ്യാലയങ്ങളുടെ പരിമിതികൾ മറികടക്കുന്നതിനും പൊതുവിദ്യാഭ്യാസ രംഗത്തെ ശാസ്ത്ര സാങ്കേതികവിദ്യയും മറ്റ് സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. പ്രസ്തുത സ്കൂൾ നിലനിർത്തണമെന്ന വിഷയത്തിന്മേൽ ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(10) ഇരിക്കൂറിലെ യാത്രാക്ലേശം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ മലയോരമേഖലയിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കോവിഡിനുശേഷം പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ വരുമാനക്കുറവുമൂലം നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുന:ക്രമീകരിക്കുകയും ചിലത് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂരിൽ നിന്നും ഇരിക്കൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന അഞ്ച് സർവ്വീസുകളും മാനന്തവാടി-ചീക്കാട് സർവ്വീസും തൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ നിന്നും പാലാ ഡിപ്പോയിൽ നിന്നും ഇരിക്കൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്നതും കോർപ്പറേഷന് ഭീമമായ നഷ്ടമില്ലാത്തതുമായ മറ്റ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ജനോപകാരപ്രദമായും കെ.എസ്.ആർ.ടി.സി.-ക്ക് ഭീമമായ നഷ്ടമുണ്ടാക്കാത്തതുമായ സർവ്വീസുകൾ പുന:ക്രമീകരിച്ച് കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം മുഴവൻ നഷ്ടവും ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമവണ്ടി പദ്ധതിയിൽ പങ്കാളികളാകാൻ തയ്യാറായാൽ ആഗസ്റ്റ് മാസം മുതൽ നിലച്ചുപോയ എല്ലാ സർവ്വീസുകളും നഷ്ടം നോക്കാതെ ഓപ്പറേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.

തയ്യാറാണ്.

## IV. ധനകാര്യം

(1) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(2) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

(273,50,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

(3185,28,70,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

(542,78,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI – ജില്ലാഭരണവും പലവകയും

(570,41,41,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

(95,31,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

(846,69,49,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന

മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. എം. എം. മണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലക്ഷക്കണക്കിനാളുകൾക്ക് പട്ടയം നൽകാനായതും വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ കഴിഞ്ഞതും താലൂക്കാഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായതും പ്രശംസനീയമാണ്. മലയോര കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനും ഇടുക്കി ജില്ലയിൽ നിർമ്മാണനിരോധനം പിൻവലിക്കുന്നതിനും 1964-ലെയും 1993-ലെയും ഭൂപതിവ് നിയമങ്ങൾ ഭേദഗതി വരുത്തി റെഗുലറൈസ് ചെയ്യുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. സജീവ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നയസമീപനങ്ങളിൽനിന്നും സർക്കാർ പിന്മാറണം. കർഷക ആത്മഹത്യ തടയുന്നതിന് നടപടി സ്വീകരിക്കണം. വൈദ്യുതി, കുടിവെള്ള നിരക്കുകൾ, ഭൂനികുതി എന്നിവ വർദ്ധിപ്പിച്ച നടപടി അപലപനീയമാണ്. ജി.എസ്.ടി. സംവിധാനത്തിലെ ആശയക്കുഴപ്പവും നിർവ്വഹണത്തിലെ അപാകതയും പരിഹരിക്കുന്നതിന് ഉചിതമായ ഇടപെടലുകളുണ്ടാകണം. പരിസ്ഥിതി ലോല മേഖല സംബന്ധിച്ച സുപ്രീംകോടതി വിധിയിലൂടെ

മലയോര മേഖലയിലെ ജനങ്ങളിലുളവായിരിക്കുന്ന ആശങ്ക പരിഹരിക്കണം.

ശ്രീ. പി. എസ്. സുപാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരുവർഷംകൊണ്ട് 50,614 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചതും 14 ജില്ലകളിലും പട്ടയമേളകൾ സംഘടിപ്പിച്ചതും സ്വാഗതാർഹമാണ്. റവന്യൂ വകുപ്പ് ജനകീയമാക്കിയതും ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചതും മലയോര മേഖലയിൽ വനഭൂമി പട്ടയത്തിന് പ്രാമുഖ്യം നൽകുമെന്ന തീരുമാനവും അഭിനന്ദനാർഹമാണ്. 'യുണീക് തണ്ടപ്പേര്' സംവിധാനം ഏർപ്പെടുത്താനുള്ള തീരുമാനം സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. ലക്ഷംവീട് പദ്ധതിയിലെ ഒറ്റ വീടുകൾ ഇരട്ടവീടുകളാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് വ്യാപാരികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡാറ്റാബാങ്കിൽ ഭൂമി ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ഗ്രൂപ്പ് വില്ലേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മുന്നോട്ടുപോകുന്ന സർക്കാർ നടപടി അഭിനന്ദനാർഹമാണ്. അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനായതും പൊതുവിദ്യാലയങ്ങൾ ഹൈടെക് ആക്കിമാറ്റിയതുമായ പ്രവർത്തനങ്ങൾ സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. പട്ടയം ലഭിക്കാത്ത മുഴുവൻപേർക്കും പട്ടയം ലഭ്യമാക്കുന്നതിനും ഡാഷ്ബോർഡിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും താലൂക്ക്-വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കുന്നതിനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഡിജിറ്റൽ സർവ്വേയിലൂടെ ഭൂപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിച്ചതും എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ റവന്യൂ അസംബ്ലി, ഡാഷ് ബോർഡ് തുടങ്ങിയവ സംഘടിപ്പിച്ചതും യൂണിക് തണ്ടപ്പേർ നടപ്പിലാക്കിയതും പ്രശംസനീയമാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന റവന്യൂ

വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ജി.എസ്.ടി.-യിലൂടെ സംസ്ഥാനങ്ങളുടെ നികുതി സംഭരണാവകാശം കവർന്നെടുക്കുകയും അർഹമായ സംസ്ഥാന വിഹിതം നൽകാതിരിക്കുകയും ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കുകയും ചെയ്ത കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂപതിവുചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി മറ്റ് ജില്ലകളിലെ ഭൂവുടമകൾക്കുള്ളതുപോലെയുള്ള അവകാശങ്ങൾ ഇടുക്കിയിലെ ഭൂവുടമകൾക്കും നൽകുന്നതിനും ഉപാധിരഹിത പട്ടയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ എത്രയുംവേഗം തീർപ്പുണ്ടാക്കണം. ഇടുക്കി, വയനാട് ജില്ലകളിലെ മണ്ണിടിച്ചിൽ തടയുന്നതിന് വാട്ടർ ഷെഡ് മാനേജ്മെന്റ് സ്കീം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഭൂനികുതി വർദ്ധനവ് പുന:പരിശോധിക്കണം. ദുരിതബാധിതരെ സംരക്ഷിക്കുന്നതിനും പ്രകൃതി ദുരന്തംമൂലം വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് യഥാസമയം നഷ്ടപരിഹാരം അനുവദിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തിനേടിയ സർക്കാരാണിത്. ജി.എസ്.ടി.യിലൂടെ സംസ്ഥാനങ്ങളുടെ നികുതി സംഭരണാവകാശം കവർന്നെടുക്കുകയും അർഹമായ സംസ്ഥാന വിഹിതം നൽകാതിരിക്കുകയും ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കുകയും ചെയ്ത കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് ശമ്പളവും ക്ഷേമ പെൻഷനുകളും കൃത്യമായി വിതരണം ചെയ്തതും ഒരു വർഷത്തിനകം 54535 പേർക്ക് പട്ടയം നൽകിയതും 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന പ്രഖ്യാപനം നടപ്പാക്കുന്നതും അഭിമാനാർഹമാണ്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജി.എസ്.ടി. വിഹിതം കാലോചിതമായി പരിഷ്കരിച്ച് യഥാസമയം നൽകാത്ത കേന്ദ്ര സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. കോവിഡ് രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തിയിരുന്ന പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാനായതും ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യാനായതും കടൽക്ഷോഭംമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിയതും അഭിനന്ദനീയമാണ്.

കിഫ്ബിയിലൂടെ സമസ്ത മേഖലയിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി ടാക്സ് വേ കാർഡ് സിസ്റ്റം ആവിഷ്കരിച്ചത് പ്രശംസനീയമാണ്. പുറമ്പോക്ക് ഭൂമികളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഡിജിറ്റൽ സർവ്വേ പ്രാവർത്തികമാക്കിയതും റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് യൂണിഫൈഡ് പോർട്ടലും മിത്രം പോർട്ടലും രൂപീകരിച്ചതും ശ്ലാഘനീയമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എം.എൽ.എ.-മാർക്കായി റവന്യൂ വകുപ്പ് ഡാഷ് ബോർഡ് നടപ്പാക്കിയതോടെ പരാതികൾക്ക് പരിഹാരം കാണാൻ സാധിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്നതിലൂടെ റവന്യൂ വകുപ്പ് മികവുറ്റ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. അപേക്ഷകളിലെ സങ്കീർണ്ണതകൾ ലഘൂകരിച്ചും കാലതാമസം ഒഴിവാക്കിയും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം. ജോലിഭാരം കണക്കിലെടുത്ത് വില്ലേജ് ആഫീസുകളിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിനും ഭൂവിസ്തൃതി കൂടിയ വില്ലേജാഫീസുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കണം. വില്ലേജ്

ഓഫീസുകൾ മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആവശ്യകത സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശം എല്ലാ വകുപ്പുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലാൻഡ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താനും കൂത്തുപറമ്പ് മണ്ഡലത്തിലെ വ്യവസായ പാർക്കിനുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്താനും നടപടി സ്വീകരിക്കണം. ഒരുവർഷത്തിനകം 54535 പട്ടയങ്ങൾ വിതരണം ചെയ്തത് അഭിനന്ദനാർഹമാണ്. നിലങ്ങൾ നികത്തുന്നതും തോടുകൾ കെട്ടിയടയ്ക്കുന്നതും തടയാൻ ശക്തമായ നടപടി സ്വീകരിക്കുകയും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ യഥാസമയം ലഭ്യമാക്കാൻ ഇടപെടൽ നടത്തുകയും ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷേത്രങ്ങളുടെയും വിശ്വാസികളുടെയും താൽപ്പര്യം സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്ന സർക്കാരാണിത്. പ്രളയം/കോവിഡ് പ്രതിസന്ധിമൂലം വരുമാനം നിലച്ചുപോയ ക്ഷേത്രങ്ങൾക്ക് 220 കോടി രൂപ സഹായധനം അനുവദിച്ചതും ദേവസ്വംബോർഡുകളിലെ ഒഴിവുകൾ

നികത്തിയതും ശമ്പളപരിഷ്കരണം നടപ്പിലാക്കിയതും പ്രശംസനീയമാണ്. ഹിന്ദുമതത്തിൽപ്പെട്ട പിന്നോക്കവിഭാഗക്കാരെ പൂജാരിമാരായി നിയമിച്ചതും ശബരിമലയുടെ വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചതും വയനാട് തിരുനെല്ലി ക്ഷേത്രവികസനത്തിന് 12 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിന് ലാൻഡ് കൺസർവേഷൻ യൂണിറ്റും സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണലും സ്ഥാപിക്കുന്നതിനും ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും നടപടിയുണ്ടാകണം. വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കിയും ഇ-ഡിസ്ട്രിക്ട് പ്രോജക്ട് നടപ്പാക്കിയും റവന്യൂ വകുപ്പ് മികച്ച സേവനമാണ് കാഴ്ചവയ്ക്കുന്നത്.

## V. അടിയന്തരപ്രമേയ ചർച്ച

### എ.കെ.ജി. സെന്ററിനും കോൺഗ്രസ് ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണം

ശ്രീ. പി. സി. വിഷ്ണുനാഥ്: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: എ.കെ.ജി സെന്ററിൽ സ്ഫോടക വസ്തു എറിഞ്ഞ് അക്രമം നടന്ന് ദിവസങ്ങൾ കഴിഞ്ഞിട്ടും പ്രതിയെ കണ്ടെത്താൻ സംസ്ഥാന പോലീസിന് കഴിയാത്തത് ഖേദകരമാണ്. സംഭവം നടന്നയുടൻ അവിടെയെത്തിയ സി.പി.ഐ(എം) നേതാക്കൾ അക്രമത്തിനുപിന്നിൽ കോൺഗ്രസ്സാണെന്ന് ആരോപിക്കുകയും തുടർന്ന് ഇടതുപക്ഷ അനുയായികൾ സംസ്ഥാന വ്യാപകമായി കോൺഗ്രസ് ഓഫീസുകളും സ്വാതന്ത്ര്യസമര സ്മാരകങ്ങളും തകർക്കുകയും അതിനെതിരെ പോലീസ് നിഷ്ക്രിയത്വം പാലിക്കുകയും ചെയ്തത് അപലപനീയമാണ്. പോലീസിലെ അമിതമായ രാഷ്ട്രീയവൽക്കരണവും കെടുകാര്യസ്ഥതയും സംസ്ഥാനത്തിന്റെ തകർച്ചയ്ക്ക് കാരണമാകും. എ.കെ.ജി. സെന്ററിൽ പോലീസ് കാവലും വയർലസ് സംവിധാനവുമുണ്ടായിരുന്നിട്ടും അക്രമിയെ പിന്തുടർന്ന് അറസ്റ്റ് ചെയ്യാത്തതെന്തുകൊണ്ടാണെന്നും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കുന്നതിൽ കാലതാമസം വരുത്തിയതെന്തിനാണെന്നും വ്യക്തമാക്കണം.

<u>ശ്രീ. എം. എം. മണി</u>: എ.കെ.ജി. സെന്റർ ആക്രമണം സംബന്ധിച്ച് വസ്തുതാപരമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. രാഷ്ട്രീയ പാർട്ടികളുടെ

ഓഫീസ് ആക്രമിക്കുന്ന നടപടികളോട് സി.പി.ഐ.(എം)-ന് യോജിപ്പില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: എ.കെ.ജി. സെന്റർ ആക്രമണം സംബന്ധിച്ച വിഷയം സഭയിലുന്നയിക്കാൻ ഭരണകക്ഷി അംഗങ്ങളാരും തയ്യാറായിട്ടില്ല. രാഷ്ട്രീയ അജണ്ടയുടെ ഭാഗമായാണ് എ.കെ.ജി. സെന്റർ ആക്രമണത്തിൽ കോൺഗ്രസിനെ പ്രതിസ്ഥാനത്ത് നിർത്തുന്നത്. മുഖ്യമന്ത്രിക്കെതിരായ ആരോപണങ്ങളിൽ നിന്നും ശ്രദ്ധതിരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് സി.പി.ഐ.(എം) അക്രമം നടത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: എ.കെ.ജി. സെന്റർ ആക്രമണത്തെ അപലപിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് എ.കെ.ജി. സെന്ററിന് നേരെയുണ്ടായ അക്രമത്തിൽ കോൺഗ്രസിനെ സംശയിക്കുന്നത്. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നതിനുപകരം എല്ലാ വികസന ക്ഷേമപ്രവർത്തനങ്ങളെയും സർക്കാരിനെയും അട്ടിമറിക്കാൻ വേണ്ടിയുള്ള ആസൂത്രിത ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: എ.കെ.ജി. സെന്റർ ബോംബേറുമായി ബന്ധപ്പെട്ട പ്രതികളെ പിടിക്കാൻ കഴിയാത്തത് പോലീസിന്റെ

കഴിവുകേടാണ്. ഇപ്പോൾ നടക്കുന്ന വിവാദങ്ങളിൽനിന്ന് രക്ഷപ്പെടാനും ശ്രദ്ധതിരിക്കാനുംവേണ്ടി ഭരണപക്ഷം തന്നെ ആസൂത്രണം ചെയ്ത സംഭവമാണിത്. സംസ്ഥാനത്ത് പോലീസ് നിഷ്ക്രിയമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): എ.കെ.ജി. സെന്ററിനുനേരെയുണ്ടായ ആക്രമണത്തിൽ ശക്തിയായി പ്രതിഷേധിക്കുന്നു. കൃത്യമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുകയെന്ന നിലപാടാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി കെ. കെ. രമ: എ.കെ.ജി. സെന്റർ ആക്രമിക്കപ്പെട്ടത് അങ്ങേയറ്റം ഖേദകരവും പ്രതിഷേധാർഹവുമാണ്. കനത്ത പോലീസ് കാവലുള്ള ഓഫീസിനുനേരെ അക്രമമുണ്ടായിട്ട് ഇതുവരെ പ്രതികളെ പിടികൂടാൻ സാധിക്കാത്തത് ആഭ്യന്തര വകുപ്പിന്റെ പരാജയമാണ്. മുഖ്യമന്ത്രിക്കെതിരെയും സർക്കാരിനെതിരെയും ഉയർന്നുവന്ന അഴിമതി ആരോപണങ്ങളെ വഴി തിരിച്ചുവിടാനുള്ള കുത്സിതശ്രമത്തിന്റെ ഭാഗമാണ് ഇത്തരത്തിലുള്ള അക്രമം.

ശ്രീ. കെ. വി. സുമേഷ്: കേരളം കണ്ടതിലേറ്റവും വലിയ രാഷ്ട്രീയ ക്രിമിനൽ ഗൂഢാലോചനയാണ് എ.കെ.ജി. സെന്ററിനുനേരെ നടന്നത്. എ.കെ.ജി. സെന്റർ ആക്രമണത്തെ തള്ളിപ്പറയാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട്

പ്രതിഷേധാർഹമാണ്. ഈ അക്രമസംഭവത്തിൽ രാഷ്ട്രീയ പക്വതയോടെയുള്ള നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചത്.

ശ്രീ. അനൂപ് ജേക്കബ്: ആക്രമണകേസിലെ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സാധിക്കാത്തത് സർക്കാർ-പോലീസ് സംവിധാനങ്ങളുടെ പരാജയമാണ്. എൽ.ഡി.എഫ്. കൺവീനറുടെ അടിസ്ഥാനരഹിതമായ ആരോപണമാണ് കോൺഗ്രസ് ഓഫീസുകളും കൊടിമരങ്ങളും വ്യാപകമായി ആക്രമിക്കപ്പെടാനിടയാക്കിയത്. സംസ്ഥാനത്ത് ആസൂത്രിത കലാപം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: എ.കെ.ജി. സെന്റർ ആക്രമണത്തിലൂടെ കേരളത്തിന്റെ നിയമവ്യവസ്ഥയെ തകർക്കാൻ ബോധപൂർവ്വമായ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ശ്രീ. രാഹുൽ ഗാന്ധി, എം.പി.-യുടെ ഓഫീസിനുനേരെനടന്ന അക്രമത്തിനെതിരെ പ്രതിപക്ഷം സംസ്ഥാനത്തുടനീളം കലാപമുണ്ടാക്കുകയും അതിനായി മഹാത്മാ ഗാന്ധിയുടെ ചിത്രത്തെ ഉപയോഗപ്പെടുത്തുകയും ചെയ്തത് പ്രതിഷേധാർഹമാണ്. എ.കെ.ജി. സെന്ററിനുനേരെയുണ്ടായ ബോംബാക്രമണത്തിൽ സംയമനം പാലിച്ചുകൊണ്ടുള്ള പ്രതിഷേധം സംഘടിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ

കലാപഭൂമിയാക്കി ക്രമസമാധാനനില തകർത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് അപലപനീയമാണ്. അക്രമകാരികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ അനുവദിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് ആക്രമണവുമായി ബന്ധപ്പെട്ട് വ്യാപക അക്രമം അഴിച്ചുവിടുന്നത് അവസാനിപ്പിക്കണം. പോലീസ് സ്ട്രൈക്കേഴ്സ് ടീമിന് എ.കെ.ജി. സെന്ററിന്റെ സുരക്ഷാ ചുമതലയുള്ള സാഹചര്യത്തിൽ ബോംബാക്രമണമുണ്ടായതും പോലീസ് സർവൈലൻസിൽനിന്നും പ്രതി രക്ഷപ്പെട്ടതും എ.കെ.ജി. സെന്ററിലേയ്ക്കുള്ള പതിവ് പട്രോളിംഗ് അന്നേദിവസം ഒഴിവാക്കിയതും സംബന്ധിച്ച് പരിശോധിക്കപ്പെടണം. അക്രമിയെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടില്ലെന്നത് വീഴ്ചയാണ്. തെളിവ് ലഭിക്കുന്നതിനുമുമ്പ് ആക്രമണത്തിന് പിന്നിൽ കോൺഗ്രസ്സാണെന്ന ആരോപണം കലാപാഹ്വാനമാണ്. തുടർച്ചയായി കോൺഗ്രസ് പാർട്ടിയുടെ ഓഫീസുകൾ ആക്രമിക്കുന്ന നടപടി പ്രതിഷേധാർഹമാണ്.

<u>മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)</u>: എ.കെ.ജി. സെന്ററിന് നേരെയുണ്ടായ അതിക്രമത്തെ അപലപിക്കാൻ പ്രതിപക്ഷം തയ്യാറാകാതിരുന്നത് ആശ്ചര്യജനകമാണ്. ശ്രീ. രാഹുൽ ഗാന്ധി എം.പി.-യുടെ ഓഫീസിന് നേരെയുണ്ടായ അതിക്രമത്തെ അപലപിക്കുകയും അതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനത്തിന്റെ ഭാഗമായി പാർട്ടി ഓഫീസുകൾ ആക്രമിക്കുന്ന സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. എ.കെ.ജി. സെന്ററിനുനേരെ ആസൂത്രിതമായ ആക്രമണമാണ് നടത്തിയിരിക്കുന്നത്. ആക്രമണം തടയുന്ന കാര്യത്തിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കും. സംഭവത്തിലെ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള വിശദമായ അന്വേഷണം നടത്തിവരികയാണ്. എസ്.ഡി.പി.ഐ. പ്രവർത്തകർ എ.കെ.ജി. സെന്റർ സന്ദർശിച്ചതായി മാധ്യമങ്ങളിൽ പ്രചരിച്ച വാർത്ത വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്. കലാപാന്തരീക്ഷം സൃഷ്ടിക്കുന്നതിൽനിന്ന് യു.ഡി.എഫ്. പിന്മാറണം. പാർട്ടി ഓഫീസുകൾക്ക് നേരെയുണ്ടാകുന്ന അതിക്രമത്തിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. നാടിന്റെ വികസനത്തിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഒരുമിച്ച് നിൽക്കണം.

പ്രമേയം സഭ നിരാകരിച്ചു.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

**ധനകാര്യം (തുടർച്ച)**

ശ്രീ. കെ. കെ. രാമചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന-ക്ഷേമപ്രവർത്തനങ്ങൾ ജനശ്രദ്ധ നേടിയിട്ടുള്ളതാണ്. പട്ടയവിതരണം കാര്യക്ഷമമാക്കിയതും വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കിയതും വില്ലേജ് തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ജനകീയ സമിതികൾ രൂപീകരിച്ചതും യുണീക് തണ്ടപ്പേർ നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയത് പ്രശംസനീയമാണ്. ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് തുക വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. സംസ്ഥാനങ്ങൾക്ക് അർഹമായ

ജി.എസ്.ടി. വിഹിതം നേടിയെടുക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചു.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊടുവള്ളി നിയോജകമണ്ഡലത്തിലെ കട്ടിപ്പാറയിൽ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന പാറ നീക്കം ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനും കട്ടിപ്പാറ വില്ലേജിൽ 14, 15 വാർഡുകളിലെ 44 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നുള്ള രേഖകൾ ലഭ്യമാക്കുന്നതിനും കട്ടിപ്പാറ ഏഴാം വാർഡിലെ മിച്ചഭൂമിയിൽ 30 വർഷമായി താമസിക്കുന്ന 24 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിനും കുട്ടിക്കലിലും കൊക്കയാറിലും ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനമെടുക്കുന്ന പൊതുകടം ദിനംപ്രതി വർദ്ധിക്കുന്നത് അപകടകരമായ സൂചനയാണ്. ജി.എസ്.ടി. നഷ്ടപരിഹാരവും റവന്യൂ കമ്മി ഗ്രാന്റും കേന്ദ്ര സർക്കാർ നിർത്തലാക്കുന്നതോടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകും.

ശ്രീ. മുഹമ്മദ് മുഹസിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന

നവകേരള ലക്ഷ്യത്തിനുവേണ്ടിയുള്ള റവന്യൂ വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾ അഭിമാനാർഹമാണ്. ഒരു വർഷംകൊണ്ട് അര ലക്ഷത്തിലധികം പട്ടയവിതരണം നടത്താനായതും ഇ-പട്ടയം സംവിധാനം ഏർപ്പെടുത്തിയതും ശ്രദ്ധേയമാണ്. വില്ലേജ് വികസന സമിതി, സ്മാർട്ട് വില്ലേജ് തുടങ്ങിയവയിലൂടെ റവന്യൂ വകുപ്പിന് ജനകീയമുഖം കൈവന്നിരിക്കുകയാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പാക്കുന്ന ഡിജിറ്റൽ റീ-സർവ്വേയിൽ പട്ടാമ്പി വില്ലേജിനെക്കൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. എം. രാജഗോപാലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം പരിഗണിക്കാത്ത കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. ജി.എസ്.ടി. സംസ്ഥാന വിഹിതം ഉയർത്തുകയും സംസ്ഥാന ജി.എസ്.ടി. നിരക്കുകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന രീതിയിൽ പുനഃസംഘടിപ്പിക്കുകയും വേണം. മാനദണ്ഡങ്ങളിൽ വന്ന മാറ്റംമൂലം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ധനസഹായം ഗണ്യമായി കുറയുന്നത് ആശാവഹമല്ല. ആനുകൂല്യങ്ങൾ ബാങ്ക് വഴി നേരിട്ട് നൽകുന്നതുൾപ്പെടെയുള്ള കേന്ദ്ര

സർക്കാർ നയത്തിന് ബദൽ നയങ്ങൾ ആവിഷ്കരിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ഡിജിറ്റൽ സർവ്വേ മുതൽ യുണീക് തണ്ടപ്പേർ വരെയുള്ള റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേനവങ്ങളും സ്മാർട്ട് ' എന്നത് റവന്യൂ വകുപ്പിന് ദിശാബോധം നൽകുന്ന പ്രഖ്യാപനമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുകയാണ്. ലൈഫ് മിഷനോടൊപ്പം വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിക്കൊണ്ടിരുന്ന ഭവന പദ്ധതികൾ പുനഃസ്ഥാപിക്കുന്നതോടൊപ്പം പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി/പട്ടികജാതി/ആദിവാസി പിന്നോക്കവിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭ്യമാകാത്ത സാഹചര്യം പരിശോധിക്കുകയും വേണം. മുതിർന്ന മാധ്യമപ്രവർത്തകർക്കായുള്ള പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കണം. കോവിഡുമൂലം സാമ്പത്തിക പ്രതിസന്ധിയിലായവർ നേരിടുന്ന ജപ്തി നടപടി ഒരുവർഷത്തേയ്ക്ക് നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. നികുതി

സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബിൽ വാങ്ങുന്ന ഉപഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കുന്നവർക്ക് സമ്മാനം നൽകുന്ന 'ലക്കി ബിൽ ആപ്പ്' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അന്തർസംസ്ഥാന ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയുന്നതിന് എ.എൽ.പി.ആർ. നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതാണ്. വിവിധ പഠന റിപ്പോർട്ടുകൾപ്രകാരം ഇന്ത്യയിൽ വിലവർദ്ധന ഏറ്റവും കുറവുള്ളതും ഏഷ്യയിലെ മെച്ചപ്പെട്ട സ്റ്റാർട്ടപ്പുകളുടെ കേന്ദ്രവും കേരളമാണെന്നത് ശ്രദ്ധേയമാണ്. സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള 'മെഡിസെപ്' പദ്ധതി നടപ്പാക്കിയതിലൂടെ സർക്കാരിന് ജീവനക്കാരോടുള്ള പ്രതിബദ്ധത തെളിഞ്ഞിരിക്കുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. ജി.എസ്.ടി. സംവിധാനം ശക്തിപ്പെടുത്തിയതിലൂടെ 2022 ജൂൺമാസത്തിൽ വലിയതോതിലുള്ള നികുതി വർദ്ധനവുണ്ടായിട്ടുണ്ട്. നികുതി വകുപ്പിന്റെ പുനഃക്രമീകരണം അവസാനഘട്ടത്തിലാണ്. ധനമാനേജ്മെന്റ് കുറ്റമറ്റ രീതിയിൽ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ധനാഭ്യർത്ഥനകൾ

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): റവന്യൂ-ഭവന നിർമ്മാണ വകുപ്പിന്റെ 2021-2026 കാലഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഉൾപ്പെടുത്തി 'വിഷൻ ആന്റ് മിഷൻ 2021-2026' എന്ന ആശയം അവതരിപ്പിക്കുകയും 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കുകയും ചെയ്തതിലൂടെ അഭിമാനകരമായ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നൂറുദിന പരിപാടികളിലൂടെ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയ പ്രശ്നങ്ങളിന്മേലും ലാൻഡ് ട്രിബ്യൂണലുകളിൽ ശേഷിക്കുന്ന കേസുകളിന്മേലും തീരുമാനമെടുക്കാനുള്ള ശ്രമം നടത്തിവരികയാണ്. താലൂക്ക് ലാൻഡ് ബോർഡുകളെ നാല് വിഭാഗങ്ങളായി തിരിച്ച് അർഹരായ മുഴുവനാളുകൾക്കും ഭൂമി നൽകുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. റവന്യൂ-വനം വകുപ്പുകൾ തയ്യാറാക്കിയ ജെ.വി.ആർ. അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റ് ഭൂമി വിട്ടുതരുന്ന മുറയ്ക്ക് വനഭൂമിയിൽ കുടിയേറിപ്പാർത്തവർക്ക് പട്ടയം നൽകുന്നതാണ്. ഈ സാമ്പത്തിക വർഷം മലയോര-ആദിവാസി മേഖലയിൽ പട്ടയ വിതരണത്തിനായി ഒരു സ്പെഷ്യൽ മിഷൻ

രൂപീകരിക്കുന്നതാണ്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ സമ്പ്രദായം പ്രാബല്യത്തിൽ വരുന്നതോടെ ഭൂരേഖകളിലെ കൃത്രിമത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 2022 നവംബർ മാസത്തിനുള്ളിൽ ലഭിച്ച മുഴുവൻ അപേക്ഷകളും തീർപ്പാക്കുന്നതാണ്. റവന്യൂ വകുപ്പ് മുഖാന്തരമുള്ള ഏഴ് സേവനങ്ങൾക്ക് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 583 വില്ലേജുകൾ സ്മാർട്ടാക്കാനും 14 ജില്ലകളും ഇ-ജില്ലകളാക്കി മാറ്റാനും നടപടി സ്വീകരിച്ചുവരുന്നു. എം.എൽ.എ. ഡാഷ് ബോർഡിലൂടെ സമർപ്പിച്ച 1082 അപേക്ഷകളിൽ 772 എണ്ണം പരിഹരിക്കുകയും റവന്യൂ വകുപ്പിലാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്) സെന്റർ ഓഫ് എക്സലൻസായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ റീ-സർവ്വേ നടപടികൾക്കായി രൂപീകരിക്കുന്ന CORS (Continuously Operating Reference Station) ന്റെ 18 സ്റ്റേഷനുകൾ പ്രവർത്തനമാരംഭിക്കുകയും 9 എണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലുമാണ്. ഡിജിറ്റൽ സർവ്വേ നടപടികൾക്കായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമിക്കുന്നതാണ്. ഡിജിറ്റൽ നടപടികൾ പൂർത്തീകരിക്കുന്നതോടെ രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ ReLIS, സർവ്വേ വകുപ്പിന്റെ E-Map എന്നീ മൂന്ന് സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റ് ചെയ്ത് 'എന്റെ ഭൂമി' എന്ന പോർട്ടൽ ആരംഭിക്കുന്നതാണ്. ഇന്ത്യയിലാദ്യമായി തിരുവനന്തപുരത്ത് ദേശീയ ഹൗസ് പാർക്ക് ആരംഭിക്കുന്നതാണ്. കൂട്ടിക്കൽ, കൊക്കയാർ ദുരന്തത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട 121 പേർക്ക് 10 ലക്ഷം രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1666 വില്ലേജുകൾ സ്മാർട്ട് ഓഫീസാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള പട്ടയങ്ങൾ ഇ-പട്ടയങ്ങളാക്കാനും മുൻകാലങ്ങളിൽ വിതരണം ചെയ്ത ഇ-പട്ടയ ലിസ്റ്റിൽ ഉൾപ്പെടുത്താനുമുള്ള പരിശ്രമം നടത്തിവരുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും-ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ താല്പര്യങ്ങൾ

സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് ക്ഷേത്രങ്ങളുടെയും ദേവസ്വങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 273 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല സീസണിൽ തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ ഓഡിറ്റിംഗിലൂടെ ദേവസ്വം ബോർഡുകളിലെ അഴിമതി മുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. മലബാർ ദേവസ്വം ബോർഡിലെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് അനോമലി പരിഹരിച്ച് ജീവനക്കാർക്ക് പുതുക്കിയ ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ദേവസ്വം ബോർഡുകളും സ്വയാർജ്ജിത വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ

ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.27-ന് പിരിഞ്ഞു.

*******